## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7476 — 17.07.2012 -ൽ മറുപടിയ്ക്ക്

## കാർഷിക തൊഴിൽ സേവന കേന്ദ്രങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>,, പാലോട് രവി<br>,, പി. സി. വിഷ്ണുനാഥ്<br>,, എം. പി. വിൻസെന്റ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** സംസ്ഥാനത്ത് കാർഷിക തൊഴിൽ സേവന കേന്ദ്രങ്ങൾ തുടങ്ങാൻ ആലോചിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | **(എ)** ആലോചിച്ചിട്ടുണ്ട്. പദ്ധതിയ്ക്ക് അന്തിമ രൂപം നൽകി വരുന്നു.<br>ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്യുന്ന അഗ്രോ സർവ്വീസ് സെന്ററുകളുടെ കീഴിലാണ് തൊഴിൽ സേന രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്. |
| **(ബി)** ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതികളും വ്യക്തമാക്കുമോ; | **(ബി)** കാർഷിക മേഖലയിലെ വിവിധ സേവനങ്ങൾ പ്രത്യേകിച്ച് തൊഴിൽ, യന്ത്രങ്ങളുടെ ലഭ്യത, റിപ്പയർ, ഉല്പാദനോപാധികളുടെ ലഭ്യത, സാങ്കേതിക വിദ്യകൾ സംബന്ധിച്ച അറിവുകൾ എന്നിവ കർഷകർക്ക് എളുപ്പത്തിൽ ലഭ്യമാക്കുക എന്നതാണ് പ്രധാന ഉദ്ദേശം.<br>ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്യുന്ന അഗ്രോ സർവ്വീസ് സെന്ററുകൾ മുഖേനയാണ് സേവനങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നത്. |
| **(സി)** ആദ്യഘട്ടത്തിൽ എവിടെയൊക്കെയാണ് ഇത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | **(സി)** ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി ആകെ 35 ബ്ലോക്കുകളിൽ ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ